**POLICE DEPARTMENT**

**KERALA**

**No. D4(a)-37609/2017/CC**
City Police Office,
Kozhikode
cpkkd.pol@kerala.gov.in
04952722673
Dated. 12-02-2018

**ലേലപരസ്യം**

കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ കിഴിലുള്ള മാലൂർകുന്ന് ഏ.ആർ ക്യാമ്പിൽ സൂക്ഷിചിട്ടുള്ളതും ഡിപ്പാർട്ട്മെന്റിന് വാഹനങ്ങൾക്ക് ആവശ്യമില്ലാത്തതുമായ താഴെ വിവരിക്കുന്ന വിവിധയിനം ഉപ്യോഗശൂന്യമായ ടയർ, സെപയർ പാർട്സ്, ട്യൂബ്, വെയ്സ്റ്റ് ഓയിൽ മുതലായവ 19/03/2018 തിയ്യതി രാവിലെ 11 മണിക്ക് മാലൂർ കുന്ന് ഏ.ആർ ക്യാമ്പിൽ പരസ്യമായി ലേലം ചെയ്തു വിൽപ്പന നടത്തുന്നതാണ്.

| ക്രമ നമ്പർ | സാധനങ്ങൾ | എണ്ണം | നിരതദ്രവ്യം |
|---|---|---|---|
| 1 | സെപയർ പാർട്സ് | 3309 | 6,978/- |
| 2 | ടയർ(വിവിധയിനം) | 203 | |
| 3 | ട്യൂബ് | 37 | |
| 4 | വെയ്സ്റ്റ് ഓയിൽ | 2778.5 | |

ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മേൽ പറഞ്ഞ നിരക്കിലുള്ള നിരത ദ്രവ്യം ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപായി അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം കഴിഞ്ഞാൽ ഉണ്ടൻ ലേലം നഷ്ടപ്പെട്ടവർക്ക് നിരത ദ്രവ്യം തിരിച്ചു നൽകേണ്ടതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലം തുടങ്ങുന്നതിന് മുന്പ് അവരുടെ തിരിച്ചറിയൽ രേഖകളും മേൽ വിലാസം തെളിയിക്കുന്ന രേഖകളും ലേലം നടത്തുന്ന ഉധ്യോഗസ്ഥനെ കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ് .

.

കൂടാതെ ടി സാധനങ്ങൾ വാങ്ങാൻ ഉദ്ദേശിക്കുന്നവർ മുൻകൂട്ടി മുദ്ര ചെയ്ത കവറിൽ ദര്ഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ ഡെപ്യൂട്ടി കമാണ്ടാന്റ്റ്, ആംഡ് റിസർവ് കോഴിക്കോട് സിറ്റി എന്ന വിലാസത്തിൽ 17/03/2018 തിയ്യതി വൈകുന്നേരം 4 മണിക്ക് മുൻപായി എത്തിക്കേണ്ടതാണ്. ദര്ഘാസിനോടൊപ്പം സാധങ്ങളുടെ നിരത ദ്രവ്യവുമായി മേൽപറഞ്ഞ നിരക്കിലും തുകക്കുമുള്ളതും ഏതെങ്കിലും ദേശ സാൽക്രിത ബാങ്കിൽ നിന്ന് കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ വാങ്ങിയിട്ടുള്ളതും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ കോഴിക്കോട് ശാഖയിൽ മറാവുന്നതുമായ DD അടക്കം ചെയ്യേണ്ടതാണ്. കവറിന് മുകളിൽ "വിവിധയിനം ടയർ, സെപയർ പാർട്സ്, ട്യൂബ്, വെയ്സ്റ്റ് ഓയിൽ" ലേലതിനുള്ള ദര്ഘാസ് എന്ന് രേഖപ്പെടുത്തി നിരതദ്രവ്യം അടച്ചരശീതി അടക്കം ചെയ്യേണ്ടതാണ്.

ലേലം അവസാനിച്ചാൽ ദര്ഘാസുകൾ തുറക്കുന്നതും ലേലതിലോ, ദര്ഘാസിലോ കൂടുതൽ തുക കാണിക്കുന്ന ആൾക്ക് വില്പന താത്കാലികമായി ഉറപ്പിക്കുന്നതും ലേലം കൊണ്ടയാൾ അപ്പോൾത്തന്നെ ലേലം/ ദര്ഘാസ് തുകയുടെ പകുതി സംഖ്യയും നിലവിലുള്ള നിരക്കിൽ വില്പന നികുതിയും ലേല സ്ഥലത്ത് വെച്ചുതന്നെ അടക്കേണ്ടതും ബാക്കി സംഖ്യ ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി പത്ത് ദിവസത്തിനുള്ളിൽ അടച്ച് സ്വന്തം ഉത്തരവാദിത്വത്തിൽ ഈ വാഹനം നീക്കം ചെയ്യേണ്ടതുമാണ്.

ഏതെങ്കിലും കാരണ വശാൽ ലേലം കൊണ്ടയാൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതല്കൂട്ടുന്നതും ടി സാധനങ്ങൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും. സർക്കാരിനു ഏതെങ്കിലും നഷ്ടം സംഭവിച്ചാൽ ആ തുക മുൻലേലക്കാരിൽ നിന്നും ഈടാക്കുന്നതാണ്. പുനർ ലേലത്തിൽ കൂടുതൽ തുക ലഭിച്ചാൽ ആയതിന് മുൻ ലേലക്കാരന് അവകാശമുണ്ടായിരിക്കുന്നതല്ല.

D4(a)-37609/2017/CC

806103

ലേലത്തിനായി നീക്കി വെച്ചിട്ടുള്ള ടി സാധനങ്ങൾ ലേലത്തിന് മുൻപുള്ള പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10.00 മണി മുതൽ 5 മണി വരെയുള്ള ഏതെങ്കിലും സമയത്ത് എ.ആർ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ അനുമതിയോടെ പരിശോധിക്കാവുന്നതാണ്. കോഴിക്കോട് സിറ്റി ജില്ലാ പോലീസ് മേധാവിക്ക് ഉചിതമെന്നു തോന്നുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ ലേലം നിർത്തി വെയ്ക്കുന്നതിനുള്ള അധികാരമുണ്ടായിരിക്കും.

Kaliraj Mahesh Kumar S IPS
Commissioner of Police

To : 1.എല്ലാ പോലീസ് മേധാവികൾക്കും. കമാണ്ടന്റ് എം എസ പി. എസ് ആർ എ എഫ് ,കെ എ പി 1, 2, 3,4,5. എന്നിവർക്കും അവശ്യമായ പരസ്യം നല്കുന്നതിലേക്കായി അയക്കുന്നു 2.ഡെപ്യൂട്ടി കമാണ്ടാന്റ്, ആംഡ് റിസർവ് കോഴിക്കോട് സിറ്റി,അസി.കമാണ്ടാന്റ്, മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടർ ആംഡ് റിസർവ് കോഴിക്കോട് സിറ്റി എന്നിവർക്കും അറിവിനും അനന്തര നടപടിക്കുമായി അയക്കുന്നു 3.കോഴിക്കോട് സിറ്റിയിലെ എല്ലാ പോലീസ് ഓഫീസിർമർക്കും അവശ്യമായ പരസ്യം നല്കുന്നതിലേക്കായി അയക്കുന്നു

Copy To : 1.കോഴിക്കോട് ജില്ലാ പബ്ലിക് റിലേഷൻ ഓഫീസിർക്ക് പത്രമാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനായി അയക്കുന്നു. 2.തിരുവനന്തപുരം ഗവണ്മെന്റ് പ്രസ്സ് സുപ്രണ്ടന്ന് 5 പകർപ്പ് ഗസറ്റ് വിജ്ഞാപനത്തിനായി അയക്കുന്നു